"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുളനട ഗ്രാമപഞ്ചായത്തിന്റെയും പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെയും എസ്.സി.പി. വിഹിതം ഉപയോഗിച്ച് ശ്രീ.രാഘവൻ , തിരുവമ്പാടി മേലേതിൽ, കുളനട -യുടെ ഭവനത്തിന് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.636/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. പന്തളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2025 ലെ 2(1) നമ്പർ തീരുമാനം
2. പത്തനംതിട്ട ജില്ല പ്ലാനിംഗ് ഓഫിസറുടെ 09.10.2025 തീയതിയിലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026 ലെ യോഗതീരുമാനം ഖണ്ഡിക നമ്പർ 4.21

**<u>ഉത്തരവ്</u>**

പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കുളനട ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ പൈവഴി നെടിയകാല റോഡിനോട് ചേർന്ന് താമസിക്കുന്ന ശ്രീ. ആർ. രാഘവൻ, തിരുവമ്പാടി മേലേതിൽ ന് കുളനട ഗ്രാമപഞ്ചായത്ത് 2009-10 ൽ നിർമ്മിച്ച നൽകിയ, റോഡിനോട് ചേർന്നുള്ള വീടിന്റെ സംരക്ഷണ ഭിത്തി 13.05.2024-ലെ ശക്തമായ മഴയിൽ ഇടിഞ്ഞു വീണ്, വീട് അപകടാവസ്ഥയിൽ ആയതിനാൽ റവന്യൂവകുപ്പ് ടി കുടുംബത്തെ മാറ്റി താമസിപ്പിച്ചിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ വീട് സംരക്ഷിക്കുന്നതിന് അടിയന്തിരമായി സംരക്ഷണഭിത്തി പുനർ നിർമ്മിച്ച നൽകണമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുമുണ്ട്. സംരക്ഷണഭിത്തി പുനർ നിർമ്മിക്കുന്നതിന് ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 4.50 ലക്ഷം രൂപ വേണം. കുളനട ഗ്രാമപഞ്ചായത്തിനു എസ്.സി.പി. ഫണ്ട് കുറവായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട്

ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലൂടെ ആവശ്യപ്പെട്ടുകയും, കുളനട ഗ്രാമപഞ്ചായത്ത് 1.00 ലക്ഷം രൂപ എസ്.സി.പി. വിഹിതമായും (പ്രോ.നം. 287/26) ബ്ലോക്ക് പഞ്ചായത്ത് 4.00 ലക്ഷം രൂപ എസ്. സി.പി. വിഹിതമായും പ്രോജക്റ്റുകൾ എടുത്തിട്ടുമുണ്ട്. ഈ തുക ഉപയോഗിച്ച് ശ്രീ. രാഘവന്റെ ഭവനത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി നൽകുന്നതിനായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. വീട് അപകടാവസ്ഥയിലാണ് എന്നതും സംരക്ഷണഭിത്തി പുനർ നിർമ്മിച്ചു നൽകണമെന്ന് ജില്ലകളക്ടർ ശിപാർശ ചെയ്തിട്ടുണ്ട് എന്നതും പരിഗണിച്ച്, കുളനട ഗ്രാമപഞ്ചായത്ത് എസ്.സി.പി. വിഹിതം പന്തളം ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി. വിഹിതം എന്നിവ ഉപയോഗിച്ച് ശ്രീ.രാഘവൻ , തിരുവമ്പാടി മേലേതിൽ, കുളനട -യുടെ ഭവനത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, പന്തളം ബ്ലോക്ക് പഞ്ചായത്ത്
സെക്രട്ടറി, കുളനട ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 09-03-2026 13:20:04
സെക്ഷൻ ഓഫീസർ